## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 925 — 04.03.2020 -ൽ മറുപടിയ്ക്ക്

### കൈവല്യ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി. | ടി. പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ തൊഴിൽ രഹിതരുടെ തൊഴിൽ പുനരധിവാസം ലക്ഷ്യം വച്ച് തുടങ്ങിയ കൈവല്യ പദ്ധതിക്കുവേണ്ടി 2019 - 2020 സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയത് എന്ന് വെളിപ്പെടുത്താമോ;

(എ) 2019-20 സാമ്പത്തിക വർഷം കൈവല്യ പദ്ധതിയ്ക്കായി ₹ 2,10,00,000 /- (രണ്ടു കോടി പത്തു ലക്ഷം രൂപ മാത്രം) യാണ് വകയിരുത്തിയിട്ടുള്ളത്.

(ബി) കൈവല്യയുടെ വിവിധ പദ്ധതികൾക്ക് വേണ്ടി ഇതിൽ എത്ര രൂപ ചെലവഴിച്ചു എന്ന് അറിയിക്കാമോ;

(ബി)

| കൈവല്യ ഘടക പദ്ധതികൾ | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് | 60,000 | 50,000 |
| നൈപുണ്യ പരിശീലന പരിപാടി | 2,50,000 | 1,86,159 |
| മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി | 12,00,000 | 9,98,832 |

| | | |
|---|---|---|
| സ്വയം തൊഴിൽ വായ്പ പദ്ധതി | 1,93,50,000 | 1,61,00,000 |
| സംരംഭ പരിശോധന | 62,000 | 46,000 |
| ജില്ലാ തല സമിതി കൂടുന്നതിന് | 43,000 | 33,000 |
| ഡോക്യുമെന്റേഷൻ | 35,000 | 600 |
| **ആകെ** | **2,10,00,000/-** | **1,74,14,591/-** |

(സി) 2019-2020 സാമ്പത്തിക വർഷം കൈവല്യ സ്വയം തൊഴിൽ വായ്പാ പദ്ധതിയിൽ ആകെ എത്ര പേർ അപേക്ഷിച്ചു എന്നും അതിൽ എത്ര പേർക്ക് വായ്പ അനുവദിച്ചു എന്നും വെളിപ്പെടുത്താമോ?

(സി) 2019 - 2020 സാമ്പത്തിക വർഷം കൈവല്യ സ്വയംതൊഴിൽ വായ്പയ്ക്കായി 913 അപേക്ഷകൾ ലഭിച്ചു. മുൻ വർഷങ്ങളിൽ ലഭിച്ച അപേക്ഷകർക്ക് വായ്പ നല്കാനുണ്ടായിരുന്നതിനാൽ 2019-2020 സാമ്പത്തിക വർഷം ലഭിച്ച അപേക്ഷകളിൽ വായ്പ അനുവദിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ